പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1214 — 01.07.2015 ൽ മറുപടിക്ക്

## ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ ക്വാറികൾ

ചോദ്യം — ഉത്തരം

ശ്രീ.കെ.കെ.നാരായണൻ : — ശ്രീ .അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ലൈസൻസ് ഇല്ലാതെ പല ക്വാറികളും പ്രവർത്തിക്കുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലൈസൻസ് ഇല്ലാതെ പല ക്വാറികളും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) | ഇത്തരം ക്വാറികൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുക, റോയൽറ്റിയും, പിഴയും ഈടാക്കുക പിഴ ഒടുക്കാത്ത ക്വാറികൾക്കെതിരെ കെ.എം.എം.സി. ചട്ടം 2015 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികൾ ഏതെല്ലാമാണെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ? | (സി) | ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് (തിരുവനന്തപുരം തൃശ്ശൂർ എന്നീ ജില്ലകളുടെ ഹാർഡ് കോപ്പിയും മറ്റു ജില്ലകളുടെ സോഫ്റ്റ് കോപ്പിയും) ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽപ്പെട്ടാലുടൻ കെ.എം.എം.സി. ചട്ടം 2015 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനാൽ അവയുടെ പ്രവർത്തനം നിർത്തിവെച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്